കേരള സർക്കാർ

ധനകാര്യ ( എസ് എഫ് സി -ബി ) വകുപ്പ്

**സർക്കുലർ**

നം 460587/ 2017/ധന തിരുവനന്തപുരം തിയതി 25/05/2017

വിഷയം : സാമൂഹ്യ സുരക്ഷ പെൻഷൻ- അദാലത്ത്- പുതുയ ഡേറ്റാ എൻട്രി മാറ്റി വയ്ക്കുന്നത് സംബന്ധിച്ച്

സൂചന : സ ഉ ( എം എസ്) നം 3634/2017/ധന തിയതി 25/04/2017

സംസ്ഥാനത്ത് ഇപ്പോൾ ക്ഷേമ നിധി പെൻഷൻ ഉൾപ്പെടെ 51 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത് വരുന്നുണ്ട്. 2011 ലെ ജനസംഖ്യ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 41.5 ലക്ഷം പേരാണ് 60 വയസ്സിന് മുകളിൽ ഉള്ളത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് 60 വയസ്സിന് മുകളിലും വാർഷിക വരുമാനം ഒരു ലക്ഷം രൂപയ്ക്ക് താഴെയും ആയിരിക്കണം. സംസ്ഥാനത്ത് സർവ്വീസ് പെൻഷൻ ലഭിക്കുന്നവരും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാമാനം ഉള്ളവരുടേയും കണക്കുകൾ കൂടി പരിശോധിക്കുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്ന 40.58 ലക്ഷം ഗുണഭോക്താക്കൾ എന്നത് കൂടുതൽ പരിശോധയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ചില അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലേക്ക് സർക്കാർ കുടുംബശ്രീയുടെ സഹായത്തോടെ ഒരു പ്രൊഫോർമയും സത്യവാങ്മൂലവും ശേഖരിച്ചിരുന്നു. ഇതിൽ സമർപ്പിക്കപ്പെട്ടിരുന്ന ചില വിവരങ്ങളിൽ മാറ്റം വരുത്തണമെന്ന് സർക്കാരിന് നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ച ചെയ്യുകയും ഇത്തരം പരാതികൾ പരിഹരിക്കുന്നതിലേക്ക് പ്രാദേശിക സർക്കാർ തലത്തിൽ അദാലത്തുകൾ നടത്തി വരികയാണ്.

2) നിലവിലെ പെൻഷൻകാരുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുകയും പ്രൊഫോർമയിലും സത്യവാങ്മൂലത്തിലും സമർപ്പിക്കപ്പെട്ട വിവരങ്ങൾ പ്രാദേശിക സർക്കാരിന്റെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുക എന്നത് വളരെ അടിയന്തിര പ്രാധാന്യമുള്ള ചുമതലയാണ്. പൂർണ്ണമായും കമ്പ്യൂട്ടർ സംവിധാനത്തിലൂടെ നടപ്പാക്കുന്ന ഈ ചുമതല പൂർത്തിയാകുന്നത് വരെ പ്രാദേശിക സർക്കാരുകളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ എൻട്രി മാറ്റി വയ്ക്കേണ്ടത് സാങ്കേതികമായി വളരെ അടിയന്തിരമായി വന്നിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രാദേശിക സർക്കാരുകളിൽ നടക്കാനിരിക്കുന്ന അദാലത്തിന്റെ ശുപാർശകൾ നടപ്പിലാക്കുന്നത് വരെ പ്രാദേശിക സർക്കാരുകളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ എൻട്രി മാറ്റി വച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ കെ എം എബ്രഹാം

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം , വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ